## കടമ്പേരി എ.എൽ.പി. സ്കൂൾ

# ഓരോ കുട്ടിയും മികവിലേക്ക് ......



# അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025-2026**

## ആമുഖം

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തി അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കുക എന്നത് കേരള സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ്. ഓരോ വിദ്യാലയം തങ്ങളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരാകാനും അതിന് അവശ്യം വേണ്ട ഭൗതിക-അക്കാദമിക സാഹചര്യങ്ങൾ പ്രാദേശിക സമൂഹത്തിന്റെയും സർക്കാരിന്റെയും പിന്തുണ സ്വീകരിക്കുകയും അതിനനുസരണമായ പ്രവർത്തന പദ്ധതികൾ ഒരുക്കുകയും വേണം. അതിനു സാധിക്കണമെങ്കിൽ തങ്ങളുടെ ഇന്നത്തെ അവസ്ഥയെ തികഞ്ഞ വസ്തുനിഷ്ഠതയോടെ വിലയിരുത്താനും തനതായ മെച്ചപ്പെടുത്തൽ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

## പൊതുലക്ഷ്യങ്ങൾ

1. പാഠ്യപദ്ധതിയും പാഠപുസ്തകവും ആസൂത്രണം ചെയ്യപ്പെട്ട രീതിയിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉന്നത നിലവാരത്തിലെത്തിക്കുക.

2. രസകരവും ക്രിയാത്മക ചിന്ത വളർത്തുന്നതിനുപകരിക്കുന്നതും ശാസ്ത്രബോധം വളർത്തുന്നതുമായ ശിശുസൗഹൃദ പഠനാന്തരീക്ഷവും ആകർഷകമായ ക്ലാസ് മുറികളും സൃഷ്ടിക്കുക.

3. എൽ.എസ്.എസ്. പോലുള്ള മത്സര പരീക്ഷകളിൽ കുട്ടികളെ ഉന്നത വിജയത്തിലെത്തിക്കുക.

4. പഠനപ്രവർത്തനങ്ങളിൽ IT സാധ്യതകൾ ഉപയോഗിച്ച് കുട്ടികളെ പിന്തുണക്കുക.

5. കലാകായിക സർഗാത്മക ശേഷികൾ വളർത്തുന്നതിന് പ്രത്യേക പരിഗണന നൽകുന്ന ഒരു സാംസ്കാരിക കേന്ദ്രമായി സ്കൂളിനെ ഉയർത്തുക.

6. ശരിയായ ആരോഗ്യ ശുചിത്വ ശീലങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുകയും പ്രാവർത്തികമാക്കുന്നുണ്ടെന്നുറപ്പു വരുത്തുകയും ചെയ്യുക.

7. ശക്തമായ പിന്തുണാ സംവിധാനങ്ങളോടെ (PTA, MPTA, SSG) പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും സ്കൂൾ പരിധിക്കകത്തെ മുഴുവൻ കുട്ടികളെയും ഈ വിദ്യാലയത്തിലെത്തിക്കുകയും ചെയ്യുക.

8. സമൂഹത്തിലെ എല്ലാ നിലവാരത്തിലുള്ളവർക്കും ഇത് എന്റെ സ്ഥാപനമാണെന്ന ബോധമുണ്ടാക്കാനും സ്കൂളിനെ ഉൾക്കൊള്ളാനും കഴിയുന്ന തരത്തിൽ ഒരു സാമൂഹ്യസ്ഥാപനമാക്കി ഉയർത്തുക.

## വികസന കാഴ്ചപ്പാട്

പാഠ്യപദ്ധതിയും പാഠ്യപുസ്തകവും ആസൂത്രണം ചെയ്യപ്പെട്ട രീതിയിൽ മുഴുവൻ കുട്ടികളെയും ഉന്നത നിലവാരത്തിലെത്തിക്കുകയും സമൂഹത്തിലെ എല്ലാ നിലവാരത്തിലുള്ളവർക്കും ഇത് എന്റെ സ്ഥാപനമാണെന്ന ബോധമുണ്ടാക്കാനും സ്കൂളിനെ ഉൾക്കൊള്ളാനും കഴിയുന്നതരത്തിൽ ഒരു സാമൂഹ്യസ്ഥാപനമായി ഉയർത്തുകയും ചെയ്യുക.

## ചരിത്രം

തളിപ്പറമ്പ് താലൂക്ക് മൊറാഴ അംശം കാനൂൽ ദേശത്ത് ദേശീയപാതയിൽ നിന്നും വിളിപ്പാടകലെ കടമ്പേരി ഗ്രാമത്തിൽ 1902 ൽ സ്ഥാപിതമായ പ്രൈമറി സ്കൂളാണിത്. 1900 കൾ വരെ ഏറെക്കുറെ വിജനവും വിദ്യാഭ്യാസ സൗകര്യങ്ങൾ അത്രയൊന്നും ഇല്ലാതിരുന്ന പ്രദേശവുമായിരുന്നു.

ബക്കളത്തെ പ്രശസ്ത വൈദ്യകുടുംബത്തിൽ ജനിക്കുകയും സംസ്കൃതം, വൈദ്യം, ജോതിഷം, പൂരക്കളി തുടങ്ങിയവയിൽ അഗാധപാണ്ഡിത്യം നേടുകയും ചെയ്ത തറോൽ കണ്ണൻ ഗുരുക്കളാണ് സ്കൂളിന്റെ സ്ഥാപകൻ. അദ്ദേഹത്തിന്റെ വലംകൈയായി നിന്ന് പ്രവർത്തിച്ച വളപ്പോൾ ഒതേനൻ വൈദ്യരുടെ ശ്രമങ്ങളും സ്കൂളിന്റെ സ്ഥാപനത്തിലേക്കു നയിച്ചു. സവർണർക്കുമാത്രം വിദ്യാഭ്യാസം ലഭിച്ചിരുന്ന കാലത്ത് ഇരുവരും ഗുരുകുലമാതൃകയിൽ ജാതി വ്യത്യാസമില്ലാതെ വിദ്യാഭ്യാസം നൽകിയിരുന്നു.

കൂടുതൽ കുട്ടികൾക്ക് അറിവ് നൽകണമെന്ന ചിന്തയാണ് സ്കൂളിന്റെ സ്ഥാപനത്തിലേക്കു നയിച്ചത്. കരക്കാട്ടിടം ജന്മികുടുംബവുമായും നാടുവാഴികളുമായും തറോൽ കണ്ണൻ ഗുരുക്കൾക്കുള്ള ബന്ധവും പൊതുവിദ്യാലയങ്ങൾ അനുവദിക്കുവാൻ ബ്രിട്ടീഷ് ഗവൺമെന്റെടുത്ത ഉദാര സമീപനവും കാര്യങ്ങൾ എളുപ്പമാക്കി. അങ്ങനെ 1901 ൽ ഇന്നത്തെ കടമ്പേരി CRC വായനശാലക്കു സമീപം ഒരു ഷെഡ്കെട്ടി പൊതുവിദ്യാലയം പ്രവർത്തനമാരംഭിച്ചു. അൽപകാലത്തിനുള്ളിൽ ഓലഷെഡ് നശിച്ചുപോയി. തുടർന്ന് സ്കൂൾ ആരംഭിക്കുന്നതിന് കടമ്പേരി ദേവസ്വത്തിന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലത്ത് കണ്ണൻ ഗുരുക്കൾ കരക്കാട്ടിടം നായനാരിൽ നിന്നും അനുവാദം നേടി. 412 ാം നമ്പറായി 11.07.1902 ൽ കടമ്പേരി എലിമെന്ററി സ്കൂൾ എന്ന പേരിൽ പൊതുവിദ്യാലയം തുടങ്ങാൻ കണ്ണൻ ഗുരുക്കൾക്ക് അനുവാദം ലഭിച്ചു. പഴയ ചിറക്കൽ താലൂക്കിൽ മൊറാഴ വില്ലേജിൽ 142/15 സർവ്വേ നമ്പറിൽ 67.5 സെന്റ് സ്ഥലത്താണ് സ്കൂൾ നിലനിൽക്കുന്നത്. ക്രമേണ പുല്ലുമേഞ്ഞ കെട്ടിടത്തിന് രൂപമാറ്റങ്ങൾ വരുത്തി 2014 ലാണ് പുതിയ കോൺക്രീറ്റ് കെട്ടിടത്തിലേക്കു സ്കൂൾ മാറുന്നത് ആദ്യ ഹെഡ്മാസ്റ്റർ കേളപ്പൻ മാസ്റ്ററും ആദ്യ മാനേജർ തറോൽ കണ്ണൻ ഗുരുക്കളുമായിരുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | കടമ്പേരി എ.എൽ.പി.സ്കൂൾ |
| സ്കൂൾ കോഡ് | : | 13831 |
| UDISE കോഡ് | : | 32021100901 |
| മേൽവിലാസം | : | കടമ്പേരി, കാനൂൽ.പി.ഒ, കണ്ണൂർ ജില്ല,<br>പിൻ- 670562 |
| വില്ലേജ് | : | മൊറാഴ |
| താലൂക്ക് | : | തളിപ്പറമ്പ് |
| നഗരസഭ | : | ആന്തൂർ |
| വാർഡ് നമ്പർ/പേര് | : | 20 ധർമശാല |
| നിയമസഭാ മണ്ഡലം | : | തളിപ്പറമ്പ് |
| ലോകസഭ മണ്ഡലം | : | കണ്ണൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | തളിപ്പറമ്പ് സൗത്ത് |
| വിദ്യാഭ്യാസ ജില്ല | : | തളിപ്പറമ്പ |
| BRC | : | തളിപ്പറമ്പ് സൗത്ത്, മയ്യിൽ |
| CRC | : | മൊറാഴ GUP സ്കൂൾ |
| പ്രഥമാധ്യാപകന്റെ പേര് | : | പി.രഞ്ജിത്ത് |
| ഫോൺ നമ്പർ | : | 9495036526 |
| സ്കൂൾ ഇ മെയിൽ വിലാസം | : | kadamberyalps@gmail.com |
| പി.ടി.എ.പ്രസിഡണ്ടിന്റെ പേര് | : | |
| എം.പി.ടി.എ. പ്രസിഡണ്ടിന്റെ പേര്: | | |

ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
|---|---|---|---|
| പ്രവർത്തനം - 1<br>പേര് : ഇംഗ്ലീഷ് അസംബ്ലി<br>ഉപമേഖല : പ്രകടന വേദികൾ<br>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക്<br>അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം<br>കുട്ടികൾ തന്നെ അസംബ്ലിയുടെ<br>മുഴുവൻ പരിപാടികളും<br>ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | 3-5 | ജൂൺ - മാർച്ച് |
| പ്രവർത്തനം - 2<br>പേര് : ഇംഗ്ലീഷ് ഡയറി<br>ഉപമേഖല - ലേഖനം ഇംഗ്ലീഷ്<br>രചന മെച്ചപ്പെടുത്തുന്നതിന്<br>ഇംഗ്ലീഷിലുള്ള ഡയറി | ഓരോ ദിവസത്തെയും<br>വീട്ടിലെയും വിദ്യാലയത്തിലെയും<br>അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതണം. | 3-5 | ജൂൺ - മാർച്ച് |
| പ്രവർത്തനം - 3<br>പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ<br>ഉപമേഖല - ലേഖനം<br>ഇംഗ്ലീഷിലുള്ള ആവിഷ്കാര<br>ങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും<br>വിഷയത്തെക്കുറിച്ച് ഇംഗ്ലീഷ്<br>ബുള്ളറ്റിൻ ഒരുക്കുന്നു.<br>ജൂൺ -പരിസ്ഥിതി<br>ജൂലൈ -ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം | 3-5 | ഓരോ മാസം |
| പ്രവർത്തനം - 4<br>പേര് - Riddles<br>ഉപമേഖല ലേഖനം | മൃഗങ്ങൾ, വാഹനങ്ങൾ, പഴങ്ങൾ<br>പക്ഷികൾ എന്നിവ ഉത്തരമായി വരുന്ന<br>Riddles | 1-5 | ആഴ്ചയിൽ ഒന്ന് |
| പ്രവർത്തനം - 5<br>Reading Cards<br>ഇംഗ്ലീഷ് വായന | ചിത്രങ്ങൾ ഒട്ടിച്ച് ചെറിയ ഇംഗ്ലീഷ്<br>വാക്യം വരുന്ന Reading Card<br>തയ്യാറാക്കുക | 1-5 | ജൂൺ |

## ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
|---|---|---|---|---|
| 1 | സംഖ്യാബോധം ഉണ്ടാക്കൽ | • ജോഡോഗ്യാൻ | 1, 2 | ജൂൺ - മാർച്ച് |
| 2 | ഗണിതക്ലബ്ബ് രൂപീകരണം | • ഗണിതമാഗസിൻ നിർമാണം | 3-5 | ജൂൺ-സപ്തംബർ |
| | | • ഗണിത ക്വിസ് (മാസത്തിൽ ഒന്ന് വീതം) | 3-5 | ജൂൺ - മാർച്ച് |
| | | • ഉത്തരപ്പെട്ടി (മാസത്തിൽ 2 ചോദ്യം) | 3-5 | ജൂൺ - മാർച്ച് |
| | | • ഗണിത മൂല ക്ലാസ്മുറികളിൽ | 1-5 | ജൂൺ-ഡിസംബർ |
| 3. | എൽ.എസ്.എസ്. നേടാൻ സജ്ജമാക്കുക | • എൽ.എസ്.എസ്. പരിശീലനം | 4 | ജൂൺ-ഫെബ്രുവരി |

## പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
|---|---|---|---|---|
| 1 | പരീക്ഷണങ്ങളിലൂടെ ശാസ്ത്ര-യുക്തി ചിന്തവ ളർത്തുക | • ഖരം, ദ്രാവകം, വാതകം എന്നിവ ഉൾപ്പെടുന്ന 50 ലഘുപരീക്ഷണങ്ങൾ (ആഴ്ചയിൽ ഒന്നു വീതം) | 1-5 | ജൂൺ - ഫെബ്രുവരി |
| 2 | ശാസ്ത്ര ക്ലബ്ബ് രൂപീകരണം | • ശാസ്ത്രമൂല രൂപീകരണം | 1-5 | ജൂൺ- ഡിസംബർ |
| | | • ഫീൽഡ് ട്രിപ്പ് | 3-5 | |
| | | • പഠനയാത്ര | 3-5 | |
| | | • പൊതുവിജ്ഞാന ക്വിസ് | 2-5 | |
| | | • വാനനിരീക്ഷണം | 3-5 | ജനുവരി |

## മലയാളം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | • ഓരോ ക്ലാസിലും ഓരോ ടേമിൽ വായന ക്കാർഡ് നിർമാണം (20 എണ്ണം)<br>• ഭാഷാകേളി<br>• പതിപ്പു നിർമാണം | 1, 2 | ജൂൺ- ജനുവരി |
| 2 | കുട്ടികളെ നല്ലവായനക്കാരനാക്കുക | • പുസ്തക പരിചയം<br>• പുസ്തക ചർച്ച<br>• അസംബ്ലിയിൽ പത്രവായന/ പുസ്തകവായന<br>• ക്ലാസ് ലൈബ്രറി<br>• എഴുത്തുകാരുമായി അഭിമുഖം<br>• ലൈബ്രറി പുസ്തകം ക്രമീകരിക്കൽ<br>• പ്രസംഗ പരിശീലനം | 3-5<br>3-5<br>3-5<br>1-5<br>1-5<br>3-5 | ജൂൺ- ഫെബ്രുവരി |
| 3 | നല്ല എഴുത്തുകാരനാക്കുക | • ആസ്വാദനക്കുറിപ്പു തയ്യാറാക്കൽ<br>• ഡയറിക്കിറിപ്പു തയ്യാറാക്കൽ<br>• പതിപ്പു നിർമാണം (ടേമിൽ ഒന്ന്)<br>• ഇൻലന്റ് മാഗസിൻ | 3-5<br>1-5<br>3-5<br>2-5 | |
| 4 | മലയാളം പാഠഭാഗങ്ങൾ സകിറ്റുകളായി അവതരിപ്പിക്കൽ | • സ്കിറ്റുകൾ തയ്യാറാക്കുന്നു<br>• സ്കിറ്റ് പരിശീലനം | 1-5 | ജൂലൈ- ജനുവരി |

## സാമൂഹ്യപങ്കാളിത്തം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് |
|---|---|---|---|---|
| 1 | സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കൽ | • ഗൃഹസന്ദർശനം (കുട്ടികളുടെ)<br>• അമ്മമാരുടെ വായനക്കൂട്ടം<br>• ലൈബ്രറി വിപുലീകരണം (സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ)<br>• പഠനോപകരണങ്ങൾ നിർമിക്കൽ<br>• ഉച്ചഭക്ഷണം വിപുലീകരിക്കൽ<br>• കായിക പരിശീലനം (ക്ലബ്ബുകളുടെ സഹകരണത്തോടെ)<br>• വാർഷികാഘോഷം | | ആഗസ്ത്-മാർച്ച് |

# പാചകപ്പുരയും സ്റ്റോർ മുറിയും

1) 1902 ൽ സ്ഥാപിതമായ സ്കൂൾ കെട്ടിടത്തോടനുബന്ധിച്ചുള്ള ഷെഡ്ഡിലായിരുന്നു പാചകപ്പുര പ്രവർത്തിച്ചിരുന്നത്. 2024 ൽ ഇന്നു കാണുന്ന രീതിയിൽ പുതിയ പാചകപ്പുര പണിതു. ഇവിടെ അരിയും മറ്റു ഭക്ഷ്യസാധനങ്ങളും പാത്രങ്ങളും സൂക്ഷിക്കുന്നതിനാവശ്യമായ ഒരു സ്റ്റോർ മുറിയും ഉണ്ട്. ജല-വൈദ്യുത കണക്ഷനുകൾ ഈ കെട്ടിടത്തിലുണ്ട്.

2) **കിണർ - കുടിവെള്ള വിതരണ നവീകരണം**

സ്കൂളിന് സ്വന്തമായി കിണർ നിലവിലുണ്ട്. ജനുവരി മാസ ത്തോടെ വെള്ളം വറ്റിപ്പോകുന്നു. കൂടാതെ അടിഭാഗം കെട്ടാത്ത തിനാൽ മണ്ണ് ഇടിഞ്ഞു വീഴുന്നു. ശുദ്ധജലം എല്ലായിപ്പോഴും ലഭിക്കുന്നതിന് 2 കോൽ കുഴിച്ച് കല്ല് കൊണ്ട് കെട്ടി അടിഭാഗം ഭദ്രമാക്കുകയും വേണം.

**പ്രതീക്ഷിക്കുന്ന ചെലവ് - 50,000**

# കുട്ടികളുടെ പാർക്കും പൂന്തോട്ടവും

സ്കൂളിനെ ആകർഷകമാക്കുന്നതാണ് പൂന്തോട്ടം. പുതിയ കെട്ടിടത്തിന്റെ മുന്നിൽ ആകർഷകമായ പൂന്തോട്ടം നിർമ്മിക്കണം. ഇവിടേക്ക് ജലസേചന സൗകര്യം ഏർപ്പാടാക്കണം. കുട്ടികൾക്ക് സന്തോഷത്തോടെ കളിക്കുന്നതിന് ഒരു പാർക്ക് ആവശ്യമാണ്.

പാർക്കിൽ ഊഞ്ഞാൽ, സീസോ, ബൈൻഡിംഗ്, ബെഞ്ചുകൾ എന്നിവ സ്ഥാപിക്കണം. മുറ്റം ഇന്റർലോക്ക് ചെയ്യണം.

## <u>പ്രതീക്ഷിക്കുന്ന ചെലവ്</u>

| | |
|---|---|
| പാർക്ക് | - 25,000 |
| കളി ഉപകരണങ്ങൾ | - 2,000 |
| പൂച്ചട്ടികൾ, ബെഞ്ചുകൾ | - 2,000 |
| ഇന്റർലോക്ക് | - 10,000 |
| ജലസേചനം | - 2,000 |
| ആകെ | - **41,000** |

# സ്റ്റേജ്

കളിസ്ഥലത്തിന് വീതി കൂട്ടുക എന്ന ആവശ്യത്തിന് വേണ്ടി പഴയ സ്റ്റേജ് പൊളിച്ചുനീക്കിയിട്ടുണ്ട്. പകരം പുതിയ സ്റ്റേജ് പണിയണം. സ്കൂൾ വാർഷികവും മറ്റു പരിപാടികളും നടത്തുന്നതിനാവശ്യമായ മനോഹരമായ ഒരു സ്റ്റേജാണ് നിർമ്മിക്കേണ്ടത്.

**പ്രതീക്ഷിത ചെലവ് – 20,000**

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രതീക്ഷിത ചെലവ് | സ്രോതസ്സ് | സംഘാടന ചുമതല | പ്രവർത്തന കാലയളവ് |
|---|---|---|---|---|---|
| 1. | കിണർ, കുടിവെള്ള വിതരണ നവീകരണം | 50,000 | MLA ഫണ്ട് ഗവ : ധനസഹായം നഗരസഭ | PTA | 2025 -27 |
| 2. | കുട്ടികളുടെ പാർക്ക് - പൂന്തോട്ടം | 41,000 | പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, അധ്യാപകർ | SSG | 2025 -26 |
| 3. | സ്റ്റേജ് | 20,000 | PTA നാട്ടുകാർ | SSG | 2025 -26 |

## ഉപസംഹാരം

ഇവിടെ പറഞ്ഞ പ്രഖ്യാപിത ലക്ഷ്യങ്ങള കൈവരിക്കണമെങ്കിൽ ജനകീയ ഇടപെടൽ അനിവാര്യമാണ്. അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ വകുപ്പ്, SSA, പ്രാദേശിക ഭരണകൂടം, SSG, PTA, MPTA, ധനകാര്യസ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, പൂർവ വിദ്യാർത്ഥികൾ തുടങ്ങിയവർ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. അങ്ങനെ മികവിന്റെ കേന്ദ്രമാകുന്ന നമ്മുടെ വിദ്യാലയത്തിന്റെ പ്രവർത്തന പരിധിയിലെ മുഴുവൻ കുട്ടികളെയും വിദ്യാലയത്തിലേക്ക് എത്തിക്കാൻ കഴിയുമെന്ന് കരുതുന്നു.